(സി) എങ്കിൽ കോർപ്പറേഷന്റെ ജില്ലാ ഓഫീസ് ആറൻമുളയിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ് പത്തനംതിട്ട ജില്ലയിലെ പന്തളത്ത് പ്രവർത്തിക്കുന്നുണ്ട്. അതിനാൽ ആറൻമുളയിൽ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) ഇല്ല. പത്തനംതിട്ട ജില്ലയിലെ പന്തളത്ത് ജില്ലാ ഓഫീസ് നിലവിലുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഐ. എച്ച്. ഡി. പി. കോളനികൾ

10 (1675) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഐ. എച്ച് ഡി. പി. കോളനികളാണുള്ളത് ;

(ബി) ഓരോ ജില്ലയിലും എത്ര കോളനികൾ വീതം ;

(സി) ഓരോ കോളനികളുടെയും പേരു വിവരം ലഭ്യമാക്കുമോ ;

(ഡി) ഓരോ കോളനിയിലെയും ആദിവാസി ജനവിഭാഗങ്ങളുടെ എണ്ണം എത്രയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 1876 ഐ. എച്ച്. ഡി. പി. കോളനികൾ.

(ബി&സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാക്കാലൻമാർക്ക് സംവരണാനുകൂല്യം

11 (1676) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പുത്തൃക്ക പഞ്ചായത്തിൽ വടയംപാടി പ്രദേശങ്ങളിൽ താമസിക്കുന്ന 'കാക്കാലൻമാർക്ക്' പട്ടികജാതി സംവരണ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) വളരെക്കാലങ്ങളായി വടയംപാടിയിൽ വീടുവച്ച് സ്ഥിരതാമസമാക്കിയ പാവപ്പെട്ട ഇവർക്ക് സംവരണാനുകൂല്യം അടിയന്തിരമായും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പുത്തൃക്ക പഞ്ചായത്തിൽ വടയംപാടി പ്രദേശങ്ങളിൽ താമസിക്കുന്ന 'കാക്കാലൻമാർ' എന്ന് അവകാശപ്പെടുന്ന വിഭാഗങ്ങളെക്കുറിച്ച് കിർത്താഡ്സ് പഠനം നടത്തിവരുകയാണ്. ഇതുവരെ നടത്തിയ പഠനത്തിൽ നിന്നും ഇവർ പട്ടികജാതിക്കാരാണെന്ന് തെളിഞ്ഞിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിന് നടപടി

12 (1677) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി വീടില്ല എന്നത് സംബന്ധിച്ച കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ഭവനരഹിതരുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) എത്രകാലംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടു വച്ചുകൊടുക്കുവാൻ കഴിയും എന്നാണ് സർക്കാർ കണക്കാക്കുന്നത് ;

(ഡി) മലമ്പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ വീട് ചിതലരിച്ച് നശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തു പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശേഖരിച്ചിട്ടുണ്ട്.

(ബി) 1990-ൽ ശേഖരിച്ച വിവരം അനുസരിച്ച് സംസ്ഥാനത്ത് 34,622 ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) 9-ാം പദ്ധതിയുടെ അവസാനത്തോടുകൂടി ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീടുവച്ച് നൽകുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly